(സി) വൈത്തിരി-തരുവണ റോഡിൽ എത്ര കിലോമീറ്റർ ദൂരമാണ് ബി.എം. &എ.സി. ചെയ്യുന്നത്; ഇതിന്റെ കരാറുകാർ ആരൊക്കെയാണ്; എത്ര കിലോമീറ്റർ ദൂരമാണ് ഓരോരുത്തർക്കും കരാർ നൽകിയിട്ടുള്ളത്; ഇതിൽ ഏതെല്ലാം പ്രവർത്തികളാണ് ആരംഭിച്ചിട്ടുള്ളത് എന്നും അവയുടെ പ്രവർത്തന പുരോഗതിയെന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ വിവരം താഴെ ചേർക്കുന്നു:

1. സുൽത്താൻ ബത്തേരി-പുൽപ്പള്ളി റോഡ്
2. വൈത്തിരി-പാറത്തോട് റോഡ്
3. പാറത്തോട്-തരുവണ റോഡ്
4. കുറ്റ്യാടി-കേളൂർ റോഡ് (ആകെ റോഡിന്റെ നീളം 23 കി.മീ. അതിൽ 5 കി. മീ. വയനാട് ജില്ലയിൽ ബാക്കി 18 കി. മീ. കോഴിക്കോട് ജില്ലയിൽ)

(ബി) 1. സുൽത്താൻ ബത്തേരി-പുൽപ്പള്ളി റോഡ്—M/s. R.D.S. Project, Thiruvananthapuram, 8 കോടി 55 ലക്ഷം.

2. വൈത്തിരി-പാറത്തോട് റോഡ്—M/s. Chandragiri Construction Co., Kasargod, 5 കോടി 2 ലക്ഷം.

3. പാറത്തോട്-തരുവണ റോഡ്—M/s. Vishal Infrastructure Ltd., Bangalore, 8 കോടി 8 ലക്ഷം.

4. കുറ്റ്യാടി-കേളൂർ റോഡ്—M/s. Consolidated Engineering Enterprise Ltd. 8 കോടി 74 ലക്ഷം (വയനാട്, കോഴിക്കോട്, ജില്ലയിലുള്ള 23 കി. മീറ്ററിന്)

(സി) വൈത്തിരി-തരുവണ റോഡിൽ 31 കി. മീ. ദൂരം ബി. എം. & എ. സി. ചെയ്യുന്നു. രണ്ടു കരാറുകാർ ഉണ്ട്.

1. M/s. Chandragiri Construction Co., 12 Km., Kasargod.
2. M/s. Vishal Infrastructure Ltd., 18 Km., Bangalore.

മേൽ വിവരിച്ച രണ്ടു റോഡുകളുടെയും പണികൾ ആരംഭിച്ചു. വൈത്തിരി-പാറത്തോട് റോഡിൽ Clearing and grubbing പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മെറ്റീരിയൽസ് ശേഖരിച്ചിട്ടുണ്ട്. മറ്റുപണികളും പുരോഗതിയിലാണ്. പാറത്തോട്-തരുവണ റോഡിൽ 7.5 കി.മീ. ദൂരം ബി.എം. & എ. സി. പൂർത്തിയായി ഓടകളുടേയും, കലുങ്കുകളുടേയും പണികൾ പുരോഗമിക്കുന്നു.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി

153 [1502] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ പരിധിയിൽ വരുന്ന മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ റോഡുകൾ ഗതാഗതയോഗ്യമല്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡുകളെ സഞ്ചാരയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയോര ഹൈവേയുടെ പരിധിയിൽ വരുന്ന 25.60 കി.മീ. ഭാഗമാണ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെടുന്നത്. ഇതിൽ ആദ്യത്തെ 11/2 കി.മീ. റോഡ് പുതിയതായി നിർമ്മിക്കേണ്ടതാണ്. 1/500 മുതൽ 15/00 വരെ റോഡിന് മൂന്നു മീറ്റർ വീതിയേയുള്ളൂ. റോഡിന്റെ ഭൂരിഭാഗവും ഹൈവേ നിലവാരത്തിലേക്ക് അഭിവൃദ്ധിപ്പെടുത്തേണ്ടതായുണ്ട്. മൊത്തം പണികൾക്കായി 750 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും കെട്ടിടങ്ങളും

154 [1503] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ഏതെല്ലാമാണെന്നും, അവ എന്നത്തേക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്നും, ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നാഷണൽ ഹൈവേ ഉൾപ്പെടെ ഏത്ര റോഡുകളും പാലങ്ങളും കെട്ടിടങ്ങളും പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അവ ഏതെല്ലാമാണെന്നും എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും അവ ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.†

(ബി, സി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

ഓടയ്ക്കൊപ്പം റോഡിന്റെ രണ്ടു വശത്തും കേബിൾ, ജലവിതരണ പൈപ്പുകൾ എന്നിവയ്ക്കുവേണ്ടി പ്രത്യേക ചാനൽ നിർമ്മിക്കാൻ നടപടി

155 [1504] ശ്രീ. എം. എം. ഹസ്സൻ:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly